**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1595** **19-06-2024 - ൽ മറുപടിയ്ക്ക്**

**മൂന്നാർ മേഖലയിലെ കെട്ടിടങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മൂന്നാർ മേഖലയിലെ 7 വില്ലേജുകളിൽ ഗാർഹിക, ഗാർഹികേതര കെട്ടിടങ്ങളുടെ നിർമ്മാണത്തിന് റവന്യൂ വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രം നിലവിൽ ആവശ്യമുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. ബഹു. കേരള ഹൈക്കോടതിയുടെ WP(C) 1801/2010 നമ്പർ ഹർജ്ജിയിലെ 21.10.2010 ലെ ഇടക്കാല ഉത്തരവിൽ "Revenue Officials, Local Self Government Authorities, the Police and Forest Authorities shall ensure that no construction activity takes place in Munnar without No Objection Certificate issued by the Revenue Department and without permission being given by the Panchayath authorities, except in cases which are governed by Court orders" എന്ന് ഉത്തരവായിട്ടുള്ളതാണ്. ടി നിർദ്ദേശം നിലവിൽ പിൻവലിച്ചിട്ടില്ല. |
| (ബി) | മൂന്നാർ മേഖലയിൽ കെട്ടിട നിർമ്മാണത്തിന് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. ആവശ്യമില്ല എന്ന ബഹു.കേരള ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | മൂന്നാർ മേഖലയിൽ കെട്ടിടനിർമ്മാണത്തിന് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി ആവശ്യമില്ല എന്ന് ഉത്തരവില്ലാത്തതാണ്. WP(C) 1801/2010 നമ്പർ കേസിലെ 22.05.2024 തീയതിയിലെ ഉത്തരവ് പ്രകാരം എൻ.ഒ.സി.യുടെ ഉദ്ദേശ്യം പട്ടയത്തിന്റെ സാധുതയും പട്ടയവ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്നതും പരിശോധിക്കലാണെന്നും അവ ശരിയെന്നു കണ്ടാൽ റവന്യൂ ഉദ്യോഗസ്ഥർ എൻ.ഒ.സി കൊടുക്കാൻ ബാധ്യസ്ഥരാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ലംഘനമോ, എലിവേഷൻ, പ്ലിന്ത് ഏരിയ എന്നിവയിലെ വ്യത്യാസമോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധികാരപരിധിയിലുള്ള കാര്യമാണെന്നും പട്ടയഭൂമി പട്ടയം അനുവദിച്ച ആവശ്യത്തിനാണോ വിനിയോഗിക്കുന്നത് എന്ന് ഉറപ്പാക്കലാണ് റവന്യൂ അധികൃതരിൽ നിക്ഷിപ്തമായ അധികാരം എന്നും വ്യക്തമാക്കിയിട്ടുണ്ട്. ആകയാൽ കെട്ടിടത്തിനോ, എലിവേഷൻ, പ്ലിന്ത് ഏരിയ എന്നിവയിലോ വരുത്തുന്ന വ്യത്യാസം കൊണ്ട് എൻ.ഒ.സി റദ്ദാകുമെന്ന് നിബന്ധന വയ്ക്കാൻ പാടില്ല |

| | | | |
|---|---|---|---|
| | | | എന്നുമാണ് ബഹു.ഹൈക്കോടതി ഉത്തരവായിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ